# വ്രതദിനങ്ങളെ ആലോചനക്കെടുക്കുമ്പോൾ

കബീർ എം. പറളി

വിശുദ്ധ റമദാൻ നമ്മിൽ നിന്ന് പാതിയും പിന്നിട്ടു കഴിഞ്ഞു. പ്രാർഥനകളും കീർത്തന ങ്ങളും ഖുർആൻ പാരായണങ്ങളുമായി ജീവിതം സജീവത കൈവരിച്ചിരിക്കുകയാണ്. ഓരോനാൾ പിന്നിടുമ്പോഴും ഹൃദയത്തിലേക്കെത്തുന്ന തഖ്‌വയുടെ പ്രകാശാംശങ്ങൾ നമ്മെ പുളകം കൊള്ളിക്കുന്നുണ്ട്. എല്ലാം പൊറുക്കുന്ന നാഥനോട് ഇതിനകം നാമെത്രയോ പറഞ്ഞു കഴിഞ്ഞു. പശ്ചാത്താപത്തിന്റേയും ഏറ്റുപറച്ചിലിന്റേയും രാപകലുകളായി റമദാൻ നമ്മുടെ ജീവിതത്തിൽ സജീവമായി നിൽക്കുമ്പോൾ ആശ്വാസവും ഒപ്പം നന്മനിറഞ്ഞ പാതയിലൂടെ മുന്നോട്ടുപോകാനുള്ള ആവേശവുമുണ്ട്. പടച്ചവൻ തന്റെ അടിയാറുകൾക്കു നൽകുന്ന കനിവാണത്.

അന്നപാനീയങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള വെറുമൊരു ഐക്യദാർഢ്യ പ്രഖ്യാപനമായി രുന്നില്ല നാം നോറ്റുവീട്ടിയ വ്രതങ്ങൾ. ‘നിങ്ങൾ സൂക്ഷ്മതയുള്ളവരായേക്കാം’ എന്ന നോമ്പിന്റെ കാതൽ തേടിയുള്ള, ആത്മാർഥവും പ്രതിഫലേച്ഛ നിറഞ്ഞതുമായ ആരാധന തന്നെയായിരുന്നു അവ. അൽഹംദുലില്ലാഹ്.

വെറും അത്താഴത്തിലും നോമ്പുതുറയിലും ശ്രദ്ധകേന്ദ്രീകരിച്ചവർ നമ്മിലുണ്ടാകാം; നോമ്പി ന്റെ അന്തസ്സത്തയറിയാത്തവർ! റമദാനിന്റെ പകലുകളിൽ നിദ്രയിൽ ‘ആരാധന’ കണ്ടെത്തി യവരുമുണ്ടാകാം; നിർഭാഗ്യവാന്മാർ! അത്തരക്കാരക്കാരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ അലസതവിട്ടുണരാൻ മുന്നിൽ ഇനിയും ദിവസങ്ങൾ ബാക്കിയുണ്ട്. വ്രതത്തിന്റെ പ്രതിഫലം പടച്ചവനിൽ നിന്നും കൈനീട്ടി വാങ്ങാനുള്ള അവസരങ്ങൾ നഷ്ടപ്പെട്ടു കഴിഞ്ഞിട്ടില്ല. അല്ലാഹുവിനെ പ്രകീർത്തിക്കാനും, പശ്ചാത്തപിക്കാനും, ഖുർആൻ പാരായണത്തിലും പഠനത്തിലുമേർപ്പെടാനും, ദാനധർമ്മങ്ങൾ നൽകി മാനസിക ധന്യരാകാനും ശ്രമിക്കുമെ ങ്കിൽ അവർക്കു തന്നെയാണ് നേട്ടം.

നോമ്പ് എന്നർഥം പറയുന്ന സൗമിന്റെ ആശയം അടക്കിനിർത്തുക എന്നതാണ്. ചോറും വെള്ളവും ലൈംഗികതൃഷ്ണയുമൊക്കെ നോമ്പിന്റെ ഭാഗമായി നാം അടക്കി നിർത്തി എന്നത് നേരാണ്. കണ്ണിന്റെ കട്ടുനോട്ടങ്ങളെ, നാവിന്റെ കെട്ടഴിഞ്ഞ സംസാരങ്ങളെ, കാതുകൊണ്ടുള്ള സംഗീതാസ്വാദനങ്ങളെ നാം അടക്കി നിർത്തിയൊ എന്നത് ചിന്തിക്കേണ്ട കാര്യമാണ്. വാക്കിലും പ്രവൃത്തികളിലുമുള്ള മോശമായ നിലപാടുകളെ ഒഴിവാക്കാത്ത ഒരുവൻ അന്നപാനീയാദികൾ വെടിയുന്നതിൽ അല്ലാഹുവിന്ന് യാതൊരു താത്പര്യവുമില്ല എന്ന പ്രവാചക മൊഴി പ്രാധാന്യത്തോടെ പഠിച്ചവരായിരുന്നിട്ടും വീഴ്ച പറ്റിയിട്ടുണ്ടാകാം. കർമ്മങ്ങളിലെയും ദൈനംദിന നിലപാടുകളിലേയും വീഴ്ചകൾക്ക് പടച്ചവനോട് മാപ്പിരന്നു കൊണ്ടുള്ള യാത്രയാകട്ടെ നമ്മുടേത്. അങ്ങനെയാകുമ്പോൾ അവശേഷിക്കുന്ന ദിവസ ങ്ങളിൽ കൂടുതൽ സൂക്ഷ്മതകാണിക്കാൻ അത് പ്രചോദനമായിത്തീരും.

നമ്മളൊക്കെ ഖുർആൻ തുറന്നുവെച്ചുവോ എന്നറിയില്ല. ഹുദയും, ബയ്യിനാത്തുമ്മിനൽ ഹുദയും, ഫുർഖാനുമായി പൂത്തുലഞ്ഞു നിൽക്കുന്ന വേദഗ്രന്ഥം! റമദാനിന്റെ രാവുകളിൽ ജിബ്‌രീലി(ﷺ)ന്റെ മുന്നിലിരുന്ന് ഖുർആനോതാറുണ്ടായിരുന്ന പ്രവാചക ശ്രേഷ്ഠന്റെ അനുയായികളാണു നാം. ഇതിനകം എത്ര പേജുകൾ, എത്രസൂറകൾ നാം ഓതിത്തീർത്തു?

വിചാരണാനാളിൽ നോമ്പും ഖുർആനും നമുക്ക് ശുപാർശ പറയാൻ വരുമെന്ന പ്രവാചക മൊഴി നാം പഠിച്ചിട്ടുണ്ട്.

وعن عبد الله بن عمر رضي الله عنهما ، أن رسولَ الله صلى الله عليه وسلم قَالَ : " الصيام والْقُرآنُ ، يشفَعان للْعبد يوم الْقيامة ، يقُولُ الصيام : أي رب منعته الطعام والشهوةَ فَشفعنِي فيه ، ويقُولُ الْقُرآنُ : منعته النوم بِالليلِ فَشفعنِي فيه ، قَالَ : فَيشفَعان "[1]

അബ്ദുല്ലാഹി ബ്നു ഉമർ(ﷺ) നിവേദനം. അല്ലാഹുവിന്റെ റസൂൽ(ﷺ) അരുളി: ഖിയാമത്തു നാളിൽ നോമ്പും ഖുർആനും സത്യവിശ്വാസിയായ ദാസന്നുവേണ്ടി ശുപാർശ പറയുന്നതാണ്. നോമ്പ് പറയും: 'നാഥാ! അന്നപാനീയാദികളിൽ നിന്ന്, തൃഷ്ണകളിൽ നിന്ന് ഞാനാണവനെ തടഞ്ഞു നിർത്തിയത്, അവന്റെ കാര്യത്തിൽ ശുപാർശ പറയാൻ എന്നെ അനുവദിച്ചാലും'. അപ്പോൾ ഖുർആൻ പറയും: 'നാഥാ! രാവിൽ ഉറക്കത്തിൽ നിന്നും ഇവനെ തടഞ്ഞു നിർത്തിയത് ഞാനാണ്. ഇവന്റെ കാര്യത്തിൽ എനിക്കു നീ ശുപാർശക്കനുമതി തന്നാലും'. പ്രവാചകനരുളുകയാണ്: അങ്ങനെ അവരണ്ടും അനുമതിപ്രകാരം ശുപാർശ ചെയ്യുന്നതാണ്. (അഹ്മദ് മുസ്നദിലും, ത്വബറാനി അൽ കബീറിലും, ഇബ്നു അബിദ്ദുൻയാ കിതാബുൽ ജൂഇലും രേഖപ്പെടുത്തിയത്.) നബിതിരുമേനിയിൽ നിന്നും ഉദ്ധൃതമായ ഈ മഹത്തായ പാഠം ഓർത്തെടുത്ത് ഈ റമദാനിൽ അതിനെ നാം ഉപയോഗപ്പെടുത്തിയൊ എന്ന ചിന്ത സുപ്രധാനമാണ്.

വിശ്വാസിക്ക് വ്രതം കൊണ്ട് ആത്യന്തികമായി നേടാനാകുന്നത്, പരലോകത്ത് സ്വർഗ പ്രാപ്തിയേകുന്ന തഖ്‌വയാണ് എന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്. ദുനിയാവിലെ ജീവിതം പടച്ചവന്റെ പ്രീതിക്കുതകുംവിധം ക്രമീകരിക്കാൻ തഖ്‌വകൊണ്ടേ സാധ്യമാകൂ. അലക്ഷ്യമായ ജീവിതവും, വരുംവരായ്കകളെ കണക്കിലെടുക്കാതെയുള്ള പ്രവർത്ത നങ്ങളും വിശ്വാസികളുടെ ആദർശത്തിൽ പറഞ്ഞിട്ടുള്ളതല്ല. പരലോകത്ത് സ്വർഗനേട്ടം സാധ്യമാകുന്നത് പടച്ചവനെ സംബന്ധിച്ച അറിവിലൂടേയും അവന്റെ വിധിവിലക്കുകൾ പാലിച്ചു കൊണ്ടുള്ള ജീവിതത്തിലൂടെയുമാണ് എന്ന ബോധം വിശ്വാസികളിൽ എപ്പോഴും സജീവമായി നിലനിൽക്കണം. ഖുർആനിന്റെ താളുകളിലൂടെ സഞ്ചരിക്കുമ്പോൾ നമ്മിലുണ്ടാക്കേണ്ട ചില ചിന്തകളുണ്ട്. അവയിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് സൃഷ്ടിച്ചു പരിപാലിച്ചുപോരുന്ന അല്ലാഹുവിന്റെ മഹത്വവും ഗാംഭീര്യവും സംബന്ധിച്ച ചിന്ത.

സകല സൃഷ്ടികളിലും കാരുണ്യം പരത്തുന്ന പ്രപഞ്ചസ്രഷ്ടാവിന്റെ മഹത്വവും ഗാംഭീര്യവും അതുല്യവും അപരിമേയവുമാണ്. അല്ലാഹുവിന്റെ അസ്ഥിത്വത്തേയും, ആരാധ്യതയേയും, ശാസനാധികാരത്തേയും അംഗീകരിച്ച് വിശ്വസിക്കുന്ന ദാസീ ദാസന്മാർ അവന്റെ മഹത്വമറിയാനും അവന്റെ ഖദ്റിനെ വിലമതിക്കാനും ശ്രമിക്കുന്നുവെങ്കിൽ പറയാനാവാത്തത്ര ഭക്തിയും, ഭയവും, പ്രതീക്ഷയുമായിരിക്കും തങ്ങളുടെ ജീവിതത്തിൽ അവർക്കു ലഭിക്കുക. അതിലൂടെ അല്ലാഹുവിന്റെ ദയനിറഞ്ഞ സാമീപ്യമാണ് അവർക്ക് അനുഭവിക്കാനാവുക.

അല്ലാഹുവിനെ യഥാവിധം പരിചയപ്പെടുത്തുന്ന ഖുർആനിക സൂക്തങ്ങളും പ്രവാചക വചനങ്ങളും നിരവധിയാണ്. ഖുർആനിന്റെ പ്രഥമ ആധ്യായം തന്നെ സ്രഷ്ടാവിനെ സംബന്ധിച്ചുള്ള പരിചയപ്പെടുത്തൽ കൊണ്ടാണ് ആരംഭിക്കുന്നത്. ഇതര മതദർശനങ്ങളിൽ സ്രഷ്ടാവിനെ പരിചയപ്പെടുത്തുന്നതിൽ നിന്നും തീർത്തും വ്യത്യസ്തമായ അവതരണമാണ് വിശുദ്ധ ഖുർആനിന്റേത്. കാരുണ്യവാനായ, കരുണാവാരിധിയായ, ലോകനിയന്താവും, വിചാരണാദിനത്തിന്റെ ഉടമയുമായ ശക്തിയാണ് പടച്ചതമ്പുരാൻ എന്ന അറിവ് വിശ്വാസികളുടെ ഹൃദയങ്ങളിൽ തെല്ലൊന്നുമല്ല ആശ്വാസം പകരുന്നത്.

---

[1] (رواه أحمد والطبراني في الكبير، ورجاله محتج بهم في الصحيح، ورواه ابن أبي الدنيا في كتاب الجوع ، وغيره بإسناد حسن، والحاكم وقال: صحيح على شرط مسلم )

ദുനിയാവിൽ ബഹുദൈവവിശ്വാസികളും ബഹുദൈവാരാധകരും നിലനിൽക്കുന്നത് എന്തുകൊണ്ടാണ്? തങ്ങളുടെ ആവലാതികളും ആഗ്രഹങ്ങളും യഥാർഥ സ്രഷ്ടാവിൽ നിന്നുമാറ്റി തങ്ങളെപ്പോലെയുള്ള സൃഷ്ടികളിലർപ്പിക്കാൻ മനുഷ്യരെ പ്രേരിപ്പിക്കുന്ന ഘടകമെന്താണ്. ആകാശഭൂമികളുടെ സൃഷ്ടിപ്പും നിയന്ത്രണവും ഏകനായ അല്ലാഹു വിന്റെ കയ്യിലാണ് എന്നും, ജനിമൃതികളുടെ ഉടമസ്ഥത അവനിൽ മാത്രമാണ് എന്നും കൃത്യമായറിയുമ്പോഴും മനുഷ്യദൈവങ്ങളേയും പ്രകൃതിപ്രതിഭാസങ്ങളേയും ഭയക്കാനും അവരോട് ആവശ്യങ്ങൾ ഇരക്കാനും മനുഷ്യർ താത്പര്യമെടുക്കുന്നതിലെ കാരണമെ ന്താണ്? ഏകദൈവവിശ്വാസം കൊണ്ട് അനുഗൃഹീതരായ മുസ്‌ലിംകളിലെ വലിയൊരു വിഭാഗം പോലും അല്ലാഹുവിനെ ആരാധിക്കുന്നതോടൊപ്പം, അമ്പിയാക്കളേയും ഔലിയാ ക്കളേയും തങ്ങന്മാരേയും ബീവിമാരേയും ആരാധിക്കുകയും ആശ്രയിക്കുകയും ചെയ്യു ന്നത് സാർവ്വത്രികമാണിന്ന്. ജൂതക്രൈസ്തവരുടെ ആദർശമായ ഖബറാരാധനയെ കടമെ ടുത്ത് ജീവിക്കുന്ന മുസ്‌ലിംകളുടെ എണ്ണവും വണ്ണവും അധികമാണ്! എന്തുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത്? നടെ ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടിയായി ഖുർആൻ പറയുന്നതിതാണ്:

وما قَدروا الله حق قَدرِه (الزمر: 67)

''അവർ അല്ലാഹുവിനെ കണക്കാക്കേണ്ടവിധം കണക്കാക്കിയിട്ടില്ല.'' (സുമർ: 67)

അല്ലാഹുവാണ് സ്രഷ്ടാവും നിയന്താവുമെന്ന് ബോധ്യപ്പെട്ടംഗീകരിച്ചിട്ടും തങ്ങളുടെ നിത്യജീവിതത്തിൽ അന്യരെ ആശ്രയിക്കുകയും, അവരുടെ പരിഗണനക്കായി പൂജകളും നേർച്ചകളും അർപ്പിക്കുകയും ചെയ്യുന്നവർ ഫലത്തിൽ അല്ലാഹുവിനെ നിന്ദിക്കുകയും പരിഹസിക്കുകയുമാണ് ചെയ്യുന്നത്! പടച്ചതമ്പുരാന്റെ മഹത്വവും ഗാംഭീര്യവും തിരിച്ചറി യാനുള്ള ശേഷിയില്ലായ്മയാണ് ഇത്തരം മോശമായ നിലപാടിലകപ്പെടാൻ നിമിത്തമാ കുന്നത്. അത്തരക്കാരോടാണ് അല്ലാഹുവിന്റെ ഗൗരവമാർന്ന ചോദ്യം:

ما لَكُم لا ترجونَ لله وقَارا (نوح: 13)

''നിങ്ങൾക്കെന്തു പറ്റി? അല്ലാഹുവിന് ഒരു ഗാംഭീര്യവും നിങ്ങൾ പ്രതീക്ഷിക്കുന്നില്ല?'' (നൂഹ്: 13)

ഈ റമദാൻ മാസത്തിലെ ഖുർആൻ വായന അല്ലാഹുവിന്റെ ഗാംഭീര്യമറിഞ്ഞ് ആരാധനാദി സൽകർമ്മങ്ങളിലേർപ്പെടാൻ നമുക്ക് സഹായകമായിത്തീർന്നിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടത് നമ്മുടെ ബാധ്യതയാണ്.

നോമ്പുകാരന്ന് ലഭിക്കുന്ന രണ്ട് ആനന്ദാവസരങ്ങളെപ്പറ്റി പ്രവാചകനരുളിയിട്ടുണ്ട്. ഒന്ന്, നോമ്പ് തുറക്കുന്ന വേളയാണ്. പകൽ മുഴുവൻ പടച്ചവന്റെ പ്രീതിയുദ്ദേശിച്ച് പട്ടിണി യിലായിരുന്നു നാം. സൂര്യാസ്തമയത്തോടെ നമ്മുടെ മുന്നിൽ വിഭവസമൃദ്ധമായ ഭക്ഷണ പദാർഥങ്ങൾ തയ്യാറാവുകയാണ്. വിശപ്പകറ്റാനും, ദാഹം തീർക്കാനുമുള്ള അവസരം; സന്തോഷമുണ്ടാവുക സ്വാഭാവികം. പക്ഷെ, ആനന്ദത്തിന് വഴിവെക്കുന്ന രണ്ടാമത്തെ അവസരത്തെപ്പറ്റി ഇതിനകം നാം ചിന്തിച്ചിട്ടുണ്ടോ? സത്യത്തിൽ അതാണു പ്രധാനം. പരലോകത്ത്, സ്വർഗ്ഗവാസിയായിത്തീരാൻ അനുഗ്രഹം സിദ്ധിച്ച വേളയിൽ അല്ലാഹുവിന്റെ തിരുമുഖം ദർശിക്കാനാകുന്ന സന്ദർഭമത്രെ നോമ്പുകാരന്ന് ലഭിക്കുന്ന രണ്ടാമത്തെ ആനന്ദാവസരം. ഒരു കണ്ണും കണ്ടിട്ടില്ലാത്ത, ഒരു കാതും ദർശിച്ചിട്ടില്ലാത്ത, ഒരു ഹൃദയ ത്തിൽ പോലും ചിത്രം തെളിഞ്ഞിട്ടില്ലാത്ത സ്വർഗീയവിഭവങ്ങളും, അതിലുമപരി സർവ പ്രതാപിയായ പടച്ചതമ്പുരാന്റെ തിരുമുഖ ദർശനവും നോമ്പുകാരനെ സംബന്ധിച്ചി ടത്തോളം അതിരില്ലാത്ത ആഹ്ലാദദായകങ്ങളാണ്. (അബൂഹുറയ്റ(ﷺ) നിവേദനം ചെയ്ത തും, ബുഖാരി (1904), മുസ്‌ലിം (1151) രേഖപ്പെടുത്തിയതുമായ ഹദീസി[2]ന്റെ വിശകലനം)

[2] عن أبي هريرة رضي الله عنه أن رسول الله صلى الله عليه وسلم قال : (للصائم فرحتان : فرحة عند فطره وفرحة عند لقاء ربه) رواه البخاري (1904) ومسلم (1151)

പിന്നിട്ട നോമ്പുതുറവേളകളിൽ, ലഭിക്കാനിരിക്കുന്ന അത്തരമൊരനുഭൂതിയെപ്പറ്റി ചിന്തിച്ചവരും, അതിന്നായി ആഗ്രഹിച്ചവരും പ്രാർഥിച്ചവരും നമ്മിലെത്ര പേർ കാണും?! അൽപമാണെങ്കിലും ഇനിയും റമദാൻ ദിനങ്ങൾ നമ്മോടൊപ്പമുണ്ട്. തിരുനബിയരുളിയ ആ രണ്ടാമത്തെ ആനന്ദാവസരത്തിന് തൗഫീഖ് ലഭിക്കാനാകട്ടെ നമ്മുടെ പ്രവർത്തനങ്ങൾ.

വ്രതം ഓർമ്മകളെ നിലനിർത്തുന്നതാകണം. കളിച്ചും ചിരിച്ചും, കൈകോർത്തു നടന്നും നമ്മോടൊപ്പമുണ്ടായിരുന്നു; കുറേ കൂട്ടുകാർ, കുടുംബക്കാർ! കഴിഞ്ഞ റമദാനിൽ അവരോടൊപ്പം നാം അത്താഴം കഴിച്ചു, നോമ്പുതുറന്നു, ഖുർആൻ പാഠശാലകളിൽ പങ്കെടുത്തു, രാവിൽ ഭക്തിപൂർവം തറാവീഹിനായി പള്ളികളിലൊത്തു ചേർന്നു. ഇന്നത്തെ റമദാനിൽ അവരിലെ പലരും നമ്മോടൊപ്പമില്ല! കുറച്ചു നാളത്തേക്കായി നമ്മിൽ നിന്നും അവർ മാറിനിന്നതല്ല. അവർ മരിച്ചിരിക്കുന്നു! വിചാരണാ നാൾവരെ അവർ നമ്മിൽ നിന്നും ദൂരെയായിരിക്കും. ഈ റമദാനിന്റെ മാധുര്യവും കൂലിയുമനുഭവിക്കാൻ അവർക്കായില്ല എന്നത് നമ്മെ ചിന്തയിലാഴ്ത്തണം. ശേഷിക്കുന്ന വ്രതദിനങ്ങൾ പൂർത്തീകരിക്കാൻ നമുക്കാകുമൊ? പള്ളിയിൽ തറാവീഹിനു നിന്ന നമ്മൾ ഏതെങ്കിലുമൊരു പള്ളി പ്പറമ്പിലുറങ്ങുമൊ? അടുത്ത റമദാനിൽ നമ്മുടെ സാന്നിധ്യത്തിന്റെ സ്മരണകളയവിറക്കി നമ്മുടെ വീട്ടുകാർ, കൂട്ടുകാർ നോമ്പെടുക്കുമോ? ചിന്തിക്കാൻ നമുക്കൊരുപാടുണ്ട്. പ്രവാചക തിരുമേനി (ﷺ) യുടെ സദുപദേശം ഇത്തരുണത്തിൽ സ്മരണീയമാണ്.

عن أَبِي هريرةَ رضي الله عنه ، قَالَ : قَالَ رسولُ الله صلى الله علَيه وسلم : " أَكْثِروا ذكْر هادمِ اللذات الْموت"[3]

അബൂഹുറയ്റ(ﷺ) നിവേദനം. അല്ലാഹുവിന്റെ ദൂതൻ(ﷺ) അരുളി: ''ജീവിതാസ്വാദനങ്ങളെ തകർക്കാനെത്തുന്ന മരണത്തെ നിങ്ങൾ കൂടുതലോർക്കുക'' (അഹ്മദ് 7741, തിർമിദി 2284, നസാഈ 1810) എന്ന്. ഈ റമദാൻ ആ ഓർമ്മകൾ നമ്മിലധികരിപ്പിക്കട്ടെ.

മൂന്നാം ഖലീഫ ഉസ്മാൻ ബ്നു അഫ്ഫാൻ(ﷺ) ഒരിക്കൽ ഒരു ഖബറിന്നരികെ നിന്ന് കരയുകയാണ്. ഒരാൾ ചോദിച്ചു; 'അമീറുൽ മുഅ്മിനീൻ, ഇതെന്തു സംഗതി! സ്വർഗനരകങ്ങളെപ്പറ്റി ധാരാളമോർക്കാറുള്ള താങ്കൾ, അപ്പോഴൊന്നുമില്ലാത്തത്ര തീവ്രമായി ഈ ഖബറിന്നരികിൽ നിന്ന് കരയുന്നതെന്ത്?' അദ്ദേഹം പറഞ്ഞു: 'ശരിയാണ്. അല്ലാഹുവിന്റെ ദൂതന്റെ വാക്കുകൾ ഞാനോർക്കുകയാണ്: പരലോകത്തിലേക്കുള്ള ഘട്ടങ്ങളിൽ ആദ്യ ഘട്ടമാണ് ഖബർ. അതിൽ ആരു വിജയിച്ചുവോ, അവന്റെ അടുത്ത ഘട്ടം കൂടുതൽ സുഖകരമായിരിക്കും. എന്നാൽ ഖബറെന്ന പ്രഥമഘട്ടത്തിൽ തന്നെ പരാജയപ്പെട്ടാൽ വിജയിക്കാനാകാത്തവിധം അടുത്ത ഘട്ടം അവന്ന് ദുഷ്കരമായിരിക്കും!' (തിർമിദി, ഇബ്നു മാജ ഹസനെന്ന് അഭിപ്രായപ്പെട്ടത്). അതെ, ഖബറുകൾ കാണുമ്പോൾ ഈ സാധുവിന്റെ കണ്ണുകൾ എങ്ങനെ കരയാതിരിക്കും എന്ന് ചോദിക്കുകയായിരുന്നു മഹാനായ ഉസ്മാൻ(ﷺ).

ഖബറുകൾ നിറഞ്ഞ പള്ളിപ്പറമ്പുകൾ നമ്മുടെ ചുറ്റുവട്ടത്തുമുണ്ട്. കരയാൻ കൊതിക്കുന്ന കണ്ണുകളും നമ്മുടെ കൈവശമുണ്ട്. മരണത്തേയും മരണാനന്തര ജീവിതത്തേയുമോർത്ത് അലിയാനും, കണ്ണീരൊഴിക്കാനും തയ്യാറുള്ള ദൈവഭയമുള്ള ഒരു ഹൃദയം നമ്മുടെ വംഗഭാഗത്തുണ്ടൊ എന്നതാണ് പ്രശ്നം! ഈ റമദാൻ അത്തരമൊരു മനസ്സ് നേടാൻ നമുക്ക് സഹായകമായി ഭവിച്ചിട്ടുണ്ടെങ്കിൽ നാം ധന്യരായി. അല്ലാഹു തൗഫീഖരുളട്ടെ. ആമീൻ.

[3] (أخرجها أحمد في مسنده برقم 7741 و أخرجه الترمذي في سننه برقم 2284 والنسائي في الصغرى برقم 1810 و وابن ماجه برقم 4256 وصححه ابن حبان برقم 3044و 3045و 3047 والْحاكم برقم 7984 و والنسائي في الكبري برقم 1930 والطبراني في الأوسط برقم 8726 و شعب الإيمان للبيهقي برقم 10133 و مسند الشهاب برقم 627 و 668 و 670 وابن أبي شيبه في المصنف برقم 33569 و و ابن الأعرابي في معجمه برقم 362 و و أحمد في الزهد برقم 91 و البيهقي في الزهد الكبير برقم 698 و 699 و ابن المبارك في الزد والرقائق برقم 1755)